**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.10.2025**

## പ്രധാനവാർത്തകൾ

1. 2047 ൽ സ്വാതന്ത്ര്യ ലബ്ധിയുടെ നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിനൊപ്പം ഇന്ത്യ വികസിത രാജ്യമായും മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്പർശ് സമ്പർക്ക പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.
3. മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൾഫ് സന്ദർശനത്തിന് തുടക്കമായി. പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി നാളെ ബഹ്റിനിൽ ഉദ്ഘാടനം ചെയ്യും.
4. പാലക്കാട് ഒമ്പതാം ക്ലാസ് വിദ്യാർത്ഥി ജീവനൊടുക്കിയ സംഭവത്തിൽ രണ്ട് അധ്യാപകർക്ക് സസ്പെൻഷൻ. വിശദമായ അന്വേഷണത്തിന് നിർദ്ദേശം നൽകി മന്ത്രി വി ശിവൻകുട്ടി.
5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യത. കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്നും എറണാകുളത്ത് നാളെയും ഓറഞ്ച് ജാഗ്രത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ മഹാരാഷ്ട്രയ്ക്കെതിരെ കേരളം 3 വിക്കറ്റിന് 35 റൺസ് എന്ന നിലയിൽ.

RNUTVPM

## പ്രധാനമന്ത്രി ആന്ധ്ര (ഇൻട്രോ)

2047 ൽ സ്വാതന്ത്ര്യ ലബ്ധിയുടെ നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിനൊപ്പം ഇന്ത്യ വികസിത രാജ്യമായും മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആന്ധ്രാപ്രദേശിലെ കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. കർണൂലിനെ ഇന്ത്യയുടെ ഡ്രോൺ ഹബ്ബാക്കി മാറ്റുന്നതിനും, വിശാഖപട്ടണത്തെ രാജ്യത്തിൻറെ എഐ ഹബ്ബാക്കി മാറ്റുന്നതിനും സംസ്ഥാന സർക്കാർ നടത്തി വരുന്ന പരിശ്രമങ്ങളെയും പ്രധാനമന്ത്രി പ്രശംസിച്ചു.

(ഹോൾഡ് - പി എം)

ഏകദിന സന്ദർശനത്തിനായി ആന്ധ്രാപ്രദേശിൽ ഇന്ന് രാവിലെയെത്തിയ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു സംസ്ഥാനത്തേക്ക് സ്വീകരിച്ചു. ശ്രീശൈലത്തെ ശ്രീ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്ത് പ്രധാനമന്ത്രി ഇന്ന് ദർശനം നടത്തി.

RNU TVPM

## മുഖ്യമന്ത്രി - ബഹ്റിൻ

ഗൾഫ് സന്ദർശനത്തിൻറെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റിനിൽ എത്തി. ബഹ്റിൻ കേരളീയ സമാജം ഡയമണ്ട് ജൂബിലി ഹാളിൽ നടക്കുന്ന പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പത്മശ്രീ എം.എ യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളാകും.

## സ്പർശ് (ഇൻട്രോ)

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ

ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം പാങ്ങോട് സൈനിക ആസ്ഥാനത്ത് നിർവ്വഹിച്ചു. ജീവിതത്തിൻറെ നല്ലഭാഗം രാജ്യത്തിനായി സമർപ്പിച്ച പ്രതിരോധ പെൻഷൻകാരുടെ പരാതികൾ അതിവേഗം തന്നെ പരിഹരിക്കപ്പെടണമെന്ന് ഗവർണർ ചടങ്ങിൽ പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി വി ശിവൻകുട്ടി

പാലക്കാട് കണ്ണാടി എച്ച് എസ് എസിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി വി ശിവൻകുട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി. സംഭവത്തിൽ ആരോപണ വിധേയയായ അധ്യാപികയേയും, പ്രധാന അധ്യാപികയേയും സസ്പെൻഡ് ചെയ്തു. സ്കൂളിൽ നിന്നുണ്ടായ മാനസിക പീഡനമാണ് വിദ്യാർത്ഥി ജീവനൊടുക്കാൻ കാരണമെന്നാണ് കുടുംബത്തിൻറെ പരാതി. പള്ളുരുത്തി സെൻറ് റീത്താസ് സ്കൂളുമായി ബന്ധപ്പെട്ട ഹിജാബ് വിഷയം രാഷ്ട്രീയവൽക്കരിക്കാൻ ആസൂത്രിത ശ്രമം നടക്കുന്നതായും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സ്വാഭാവിക നടപടിക്രമം മാത്രമാണ് വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും വിഷയത്തിൽ നിയമപരമായി ചെയ്യേണ്ട എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## അമൽ ബാബു-അവയവദാനം

തിരുവനന്തപുരത്ത് വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച പൊന്നാനി സ്വദേശി അമൽ ബാബുവിൻറെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. ഹൃദയം, കരൾ, രണ്ട് വൃക്കകൾ എന്നീ അവയവങ്ങളാണ് ദാനം ചെയ്തത്. തീവ്രദുഖത്തിലും

RNU TVPM

അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളോട് മന്ത്രി വീണാ ജോർജ് നന്ദി പറഞ്ഞു. അവയവങ്ങൾ എത്രയും പെട്ടെന്ന് രോഗികൾക്കായി എത്തിക്കാൻ കെ സോട്ടോ നടപടി സ്വീകരിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## സർവേ

സംസ്ഥാനത്തെ തൊഴിലാളി കുടുംബങ്ങളുടെ വരുമാനം, ചെലവ്, ഉപഭോഗരീതി എന്നിവ ശാസ്ത്രീയമായി വിലയിരുത്തി തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി . സംസ്ഥാന കുടുംബ ബജറ്റ് സർവേ 2025-26 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. കാർഷിക, വ്യവസായ, സേവന മേഖലകളിലടക്കം വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാണ് കുടുംബ ബജറ്റ് സർവേയിലൂടെ ലക്ഷ്യമിടുന്നത്. ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിന് ഈ സർവേ അടിസ്ഥാനമാകും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

ശബരിമല സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശിച്ച പ്രത്യേക അന്വേഷണസംഘം സന്നിധാനത്ത് പരിശോധന നടത്തുന്നു. എസ്.പി ശശിധരന്റെ നേതൃത്വത്തിലുള്ള എസ്.ഐ.ടി സംഘം ഇന്ന് ഉച്ചയോടെയാണ് സന്നിധാനത്ത് എത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## ആയില്യം വെട്ടിക്കോട് (ഇൻട്രോ)

ആലപ്പുഴ വെട്ടിക്കോട് ശ്രീ നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവത്തിന്റെ ചടങ്ങുകൾ പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## നെന്മാറ വധക്കേസ്

പാലക്കാട് നെന്മാറ സജിത വധക്കേസിലെ ശിക്ഷാ വിധി മറ്റന്നാളത്തേക്ക് മാറ്റി. പ്രതി ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ ജില്ലാ കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ഇൻസിനറേറ്റർ കണ്ണൂർ (ഇൻട്രോ)

ഡയപ്പർ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നു. ഇത്തരത്തിൽ ജില്ലയിലെ ആദ്യ സംരംഭമാണിത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...**

**(വോയിസ്)**

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മഴ

കേരളത്തിൽ ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. എറണാകുളത്ത് നാളെ ഓറഞ്ച് ജാഗ്രതയാണ്. 7 ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തും നാളെ മുതൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം. തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയുടെ ആദ്യ ഇന്നിങ്സ് 239 റൺസിന് അവസാനിച്ചു. അഞ്ച് വിക്കറ്റ് വീഴ്ത്തിയ എം ഡി നിധീഷിൻ്റെ ബൌളിങ് മികവാണ് മഹാരാഷ്ട്രയുടെ ബാറ്റിങ് നിരയെ തകർത്തത്. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളത്തിന് തുടക്കത്തിൽ തന്നെ മൂന്ന് വിക്കറ്റ് നഷ്ടമായി. രണ്ടാം ദിവസം കളി നിർത്തുമ്പോൾ കേരളം മൂന്ന് വിക്കറ്റിന് 35 റൺസെന്ന നിലയിലാണ്. മഴയെ തുടർന്ന് കളി നേരത്തെ നിർത്തുകയായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 862 പോയിൻ്റ് ഉയർന്ന് 83,467 ലും നിഫ്റ്റി 261 പോയിൻ്റ് വർദ്ധിച്ച് 25,585 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വിലയിൽ മാറ്റമില്ല. പവന് 94,520 രൂപയും ഗ്രാമിന് 11,815 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## കളിക്കളം

പട്ടികവർഗ വികസനവകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക്- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾ പങ്കെടുക്കുന്ന എട്ടാമത് കളിക്കളം കായികമേളക്ക് മറ്റന്നാൾ തുടക്കം. കാര്യവട്ടം എൽ എൻ സി പി സ്റ്റേഡിയത്തിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം നിർവഹിക്കും. 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും 120 പ്രീമെട്രിക് ഹോസ്റ്റലുകളിൽ നിന്നുമായി 1500 കുട്ടികൾ മൂന്നു ദിവസം നീണ്ടുനിൽക്കുന്ന മേളയിൽ മാറ്റുരയ്ക്കും.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## യംഗ് ലീഡേഴ്സ് ഡയലോഗ് ക്വിസ്

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് ക്വിസിൻറെ അവസാന തീയതി ഈ മാസം 31 വരെ നീട്ടിയതായി യുവജനകാര്യ കായിക മന്ത്രാലയം. മൈ ഭാരത് പോർട്ടൽ വഴി ഇതിനകം 20 ലക്ഷത്തിലധികം പേർ ഇതിൽ പങ്കെടുത്തതായും മന്ത്രാലയം അറിയിച്ചു.

## ഇടുക്കി-നേഴ്സിങ് കോളേജ് സമരം

ഹോസ്റ്റൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന് ആവശ്യപ്പെട്ട് ഇടുക്കി ഗവൺമെൻറ് നേഴ്സിങ് കോളേജിലെ വിദ്യാർത്ഥികൾ അനിശ്ചിതകാല സമരത്തിൽ. വിദ്യാർത്ഥികൾക്ക് പിന്തുണയുമായി വിവിധ നേഴ്സിങ് സംഘടനകളും രക്ഷിതാക്കളും ഒപ്പമുണ്ട്. എന്നാൽ സമരം അനവസരത്തിലാണെന്നും, ഹോസ്റ്റലിൻ്റെ നിർമ്മാണത്തിന് താമസം നേരിടുന്നതിനാൽ വഞ്ചിക്കവെലയിലെ ഹോളി ഫാമിലി ആശുപത്രി കെട്ടിടം താമസ സൗകര്യത്തിനായി വിട്ടുനൽകുന്നതിനുള്ള നടപടി പൂർത്തീകരിച്ചതായും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

RNU TVPM